# പത്തനംതിട്ട ജില്ല

## 15.09.2025 തീയതിയിലെ സിറ്റിസൺ അസിസ്റ്റൻസ് അദാലത്ത് ജില്ലാതല സമിതി തീരുമാനം

പത്തനംതിട്ട നഗരസഭ വാർഡ് 11 ൽ ശ്രീമതി ഫാത്തിമ എ വെള്ളമീരാൻ എന്നവർ കെട്ടിട ഒക്കുപ്പെൻസി സർട്ടിഫിക്കറ്റും കെട്ടിട നമ്പരും ലഭിക്കുന്നില്ലായെന്ന ആക്ഷേപമുന്നയിച്ച് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ തദ്ദേശ അദാലത്തിൽ നൽകിയ പരാതി ഉപജില്ലാ സമിതി പരിഗണിച്ച് ജില്ലാതല അദാലത്ത് സമിതിയിലേക്ക്തീരുമാനം കൈക്കൊള്ളുന്നതിനായി എസ്കലെറ്റ് ചെയ്തത് 15.09.2025 ൽ കൂടിയ ജില്ലാതല അദാലത്ത് സമിതി പരിഗണിച്ചു. അദാലത്ത് സമിതിയിൽ പരാതിക്കാരിയുടെ സാന്നിധ്യം അഭ്യർഥിച്ചിരുന്നെങ്കിലും ടിയാൾ യോഗത്തിൽ ഹാജരായിരുന്നില്ല. ജില്ലാതല സമിതി അംഗങ്ങളും പത്തനംതിട്ട നഗരസഭ അസിസ്റ്റന്റ് എൻജിനീയറും ഓവർസിയറും അദാലത്ത് സമിതി യോഗത്തിൽ ഹാജരായിരുന്നു.

പരാതിക്കാരി പത്തനംതിട്ട നഗരസഭയിൽ കെട്ടിടം നിർമ്മാണ അനുമതിക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ 30.07.2022 ൽ BA No.14/2022-23 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നുവെന്നും എന്നാൽ ടി പെർമിറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചപ്പോൾ ആയത് സൈറ്റ് പ്ലാനിൽ നിന്നും വ്യതിചലിച്ചാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്നും തൽഫലമായി KMBR 2019 ചട്ടം 23 , 26 എന്നിവ ലംഘിച്ചുവെന്നുമാണ് ഉപജില്ലാ അദാലത്ത് സമിതി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ഉപജില്ലാ അദാലത്ത് സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ചു തീരുമാനിച്ചു.

**ജില്ലാതല അദാലത്ത് സമിതി അംഗങ്ങൾ** : (ഒപ്പ്)

1.നൈസാം എ എസ് ,ജില്ലാ ജോയിന്റ് ഡയരക്ടർ

2.രമേഷ് കെ.എസ് , ജില്ലാ അസിസ്റ്റന്റ് ഡയരക്ടർ

3.അരുൺ ജി , ജില്ലാ ടൌൺ പ്ലാനർ

4.ബിന്ദു വേലായുധൻ ,എക്സിക്യൂട്ടീവ് എൻജിനീയർ ,ജില്ലാ പഞ്ചായത്ത്

District Joint Director
Local Self Government Department
Pathanamthitta

RAMESH .KS
PEN. 415797- ASSISTANT DIRECTOR
OFFICE OF THE JOINT DIRECTOR
LOCAL SELF GOVT: DEPARTMENT
PATHANAMTHITTA

TOWN PLANNER
PATHANAMTHITTA

Executive Engineer
LID & EW Division
Pathanamthitta